"ഭരണഭാഷ – മാതൃഭാഷ"

ഡി.ജി.ഇ/5538/2021 –എൻ 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 07/09/2021

ഇ–മെയിൽ : *dgescholarship@gmail.com*

# സർക്കുലർ

വിഷയം :– പൊതുവിദ്യാഭ്യാസം – കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ – (2021–22) – പ്രീ–മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ് – നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത് – നിർദ്ദേശങ്ങൾ – പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച് :–

സൂചന :– 1. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ. എസ്.എസ്.–15/04/2021–Scholarship–MoMA, തീയതി.25/08/2021.

2. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ മുൻ നിർദ്ദേശങ്ങൾ

******************

പൊതുവിദ്യാഭ്യാസ വകുപ്പ് വഴി സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (സി.എസ്.എസ്.) അപേക്ഷ സമർപ്പിക്കുന്നതിനും സ്കൂളുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമായുള്ള വിജ്ഞാപനം, കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം സൂചനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് . ആയതിൽ പ്രീ–മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ് . യാതൊരു കാരണവശാലും , ഒരു സാഹചര്യത്തിലും , ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **<u>2021 നവംബർ 15</u>** ആണ്.

**<u>മുസ്ലീം, ക്രിസ്ത്യൻ , ജൈനർ , ബുദ്ധർ , സിഖ്, പാഴ്സി</u>** എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമാണ് ന്യൂനപക്ഷ പ്രീ –മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്. സർക്കാർ /എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകൾ എന്നിവിടങ്ങളിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ടി സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. **<u>അപേക്ഷകരായ കുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം പരമാവധി ഒരു ലക്ഷം രൂപ വരെയുള്ളതായ ഒരു കുടുംബത്തിലെ 2 കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്.</u>**

## <u>പൊതു നിർദ്ദേശങ്ങൾ</u>

1. ന്യൂനപക്ഷ പ്രീ–മെട്രിക് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. <u>സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ ഫ്രഷ് (fresh) അപേക്ഷയും, കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ പുതുക്കൽ</u>

/റിന്യൂവൽ (renewal) അപേക്ഷയും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

3. **National Scholarship Portal 2.0** (www.scholarships.gov.in എന്ന വെബ് സൈറ്റ്) വഴിയാണ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടത്.

4. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP 2.0) ലെ **NEW REGISTRATION** എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.

5. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് ഓൺലൈൻ ആയി റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP 2.0) ലെ login എന്ന ഓപ്ഷനിൽ റിന്യൂവൽ 2021-22 എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.

6. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ വഴി ലഭിക്കുന്ന ആപ്ലിക്കേഷൻ ഐ.ഡിയും, പാസ്സ്‌വേർഡും (ഉദാ:- ജനന തീയതി) ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ **login to apply എന്ന ലിങ്ക് വഴി login ചെയ്ത ശേഷം** പുതിയ പാസ്‌വേർഡ് സെറ്റ് ചെയ്യേണ്ടതാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ മുൻ വർഷം രജിസ്റ്റർ ചെയ്തതിൽ, റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾക്ക് ടി സമയത്തെ യൂസർ ഐ.ഡി./പാസ്‌വേർഡ് എന്നിവ ഉപയോഗിക്കാവുന്നതാണ്.

7. അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User Id/ Password എന്നിവ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.

8. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ആപ്ലിക്കേഷൻ ഐ.ഡി ലഭിക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുമ്പോൾ പിശകുകൾ ഉണ്ടായാൽ (Date of Birth, Gender, Bank Account Number, IFSC, Scheme etc.) അപേക്ഷ **Final Submit** ചെയ്യുന്നതിന് മുമ്പ് പോർട്ടലിലെ Withdraw Application എന്ന ഓപ്ഷൻ ഉപയോഗിച്ച് പിൻവലിച്ച ശേഷം മാത്രം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഒരിക്കൽ കൂടി രജിസ്റ്റർ ചെയ്യേണ്ടതാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ Final Submit ചെയ്താൽ തിരുത്തൽ വരുത്തുവാനോ പിൻ വലിക്കുവാനോ (Withdraw Application ) കഴിയുന്നതല്ല.

9. ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക്, ആധാർ തുടങ്ങിയവ) ഒന്നും സ്കാൻ ചെയ്ത് അയയ്ക്കുവാൻ പാടുള്ളതല്ല. എന്നാൽ , ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ , രജിസ്ട്രേഷൻ സമയം ബാങ്ക് പാസ് ബുക്ക് (അക്കൗണ്ട് നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ മുൻ പേജ്) സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യേണ്ടതും, ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച ശേഷം, ഫൈനൽ സബ്മിഷന് മുൻപ് **Upload Documents എന്ന ഭാഗത്ത് Bonafied Student of Institution** എന്നതിന് നേരെയുള്ള ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തലിന് ശേഷം സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10. അപേക്ഷകരായ കുട്ടികൾക്ക് മുൻ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50%

മാർക്ക് ലഭിച്ചിട്ടുണ്ടായിരിക്കണം. ഒന്നാം ക്ലാസിലെ കുട്ടികൾക്കും , 2021-22 അദ്ധ്യയന വർഷത്തിൽ റിന്യൂവൽ അപേക്ഷ സമർപ്പിക്കുന്നവർക്കും മാർക്ക് നിബന്ധന ബാധകമല്ല. എന്നാൽ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് (പ്രീ മെട്രിക് സ്കോളർഷിപ്പിനുള്ള ഫ്രഷ് അപേക്ഷകർക്ക് ഉൾപ്പടെ) മാർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യം വരുന്ന സാഹചര്യത്തിൽ , കുട്ടികൾക്ക് അതത് സ്കൂൾ മേധാവികളെ സമീപിക്കാവുന്നതാണ്. ആയത് എത്രയും വേഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂൾ മേധാവികൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ് . (ഇതിലേക്ക് പ്രധാനാധ്യാപകർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09/08/2021-ലെ കത്ത് നം.ക്യൂ.ഐ.പി.(1) 24765/2021/ഡി.ജി.ഇ എന്നത് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.)

11. 2021-22 അക്കാഡമിക് വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നതിന് വേണ്ടി മാത്രം ക്ലാസുകൾ ആരംഭിച്ച തീയതി 01/06/2021 എന്ന് പരിഗണിച്ച് നൽകേണ്ടതാണ്.

12. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ , കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ U - Dise കോഡ് നൽകി അതാത് സ്കൂൾ സെലക്ട് ചെയ്യേണ്ടതാണ്. സ്കൂളിന്റെ U - Dise എൻ.എസ്.പി.യിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത/അറിയാത്ത പക്ഷം കുട്ടികൾ സ്കൂൾ അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.

13. 2020-21 വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, മറ്റിനങ്ങളിലുള്ള ഫീ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ /സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. ഏതെങ്കിലും കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ടി കുട്ടികളുടേത് മാത്രം പ്രത്യേകം രേഖപ്പെടുത്തുന്നതിനും സ്കൂളുകൾക്ക് സൗകര്യം ഉള്ളതാണ്. സ്കൂൾ പ്രൊഫൈലിൽ സ്കൂൾ അധികൃതർ രേഖപ്പെടുത്തുന്ന മേൽ പറഞ്ഞ പ്രകാരമുള്ള ഫീസുകൾ കുട്ടികളുടെ പ്രീ -മെട്രിക് സ്കോളർഷിപ്പിനുള്ള ആപ്ലിക്കേഷനിൽ സോഫ്റ്റ് വെയർ മുഖാന്തരം രേഖപ്പെടുത്തുന്നതാണ്.

14. ഓൺലൈനായി നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ അപൂർണ്ണവും, അവ്യക്തവും തെറ്റായതുമാണെങ്കിൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കുക.

15. ആധാർ അധിഷ്ഠിതമായ സംവിധാനത്തിലാണ് സ്കോളർ ഷിപ്പ് തുക വിതരണം ചെയ്യുന്നത്. ആയതിനാൽ അർഹരായ എല്ലാ കുട്ടികൾക്കും ആധാർ കൈവശമുള്ളത് ഉചിതമായിരിക്കും.

16. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) അപേക്ഷകരായ കുട്ടിയുടെ പേരിലെ അക്ഷരങ്ങൾ - ആധാർ രേഖയിലും, ബാങ്ക് രേഖയിലും, സ്കൂൾ രേഖയിലും ഒരേ പോലെയാണെന്ന് ഉറപ്പ് വരുത്തുക.

17. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളുടെ നിർദ്ദിഷ്ട വരുമാന പരിധി പരിശോധിക്കുന്നതിന് നിർബന്ധമായും വരുമാന

സർട്ടിഫിക്കറ്റ് സ്കൂളുകളിൽ സമർപ്പിക്കേണ്ടതും ,പ്രധാനാധ്യാപകർ ആയത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

18. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ (പൂരിപ്പിക്കുമ്പോൾ) മൊബൈൽ ഫോൺ കൈയ്യിൽ കരുതുക. അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ പ്രസ്തുത സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ മൊബൈൽ ഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക.

19. സ്കൂൾ /ക്ലാസ് എന്നിവയുടെ ശരിയായ അപ്ഡേഷൻ എൻ.എസ്.പി-യിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതത് സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത ശേഷം സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ Final Submit ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾ അന്തിമമായി സമർപ്പിച്ച ശേഷം പ്രിന്റെടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

20. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (ഉദാ:- പ്രീ-മെട്രിക് (ഭിന്ന ശേഷി) സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് (എൻ.എം.എം.എസ്) സ്കോളർഷിപ്പ് എന്നിവ) അർഹതയുണ്ടായിരിക്കുന്നതല്ല.

21. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ , ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ .എഫ്.എസ്. കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റുകൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

22. സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ലഭിക്കുന്ന മുറയ്ക്ക് പ്രഥമാദ്ധ്യാപകർ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്. ആയതിലേക്ക് 2021-22 വർഷം മുതൽ വെരിഫിക്കേഷൻ ആരംഭിക്കുന്നതിന് മുൻപ് ഇൻസ്റ്റിറ്റ്യൂട്ട് ലെവൽ/ഡിസ്ട്രിക്ട് ലെവൽ നോഡൽ ഓഫീസറുടെ ആധാർ വിവരങ്ങൾ നൽകിയിട്ടില്ലാത്തവർ ആയത് രേഖപ്പെടുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതും, തുടർന്ന് ആധാർ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേക്ക് ലഭിക്കുന്ന ഒ .ടി.പി. യഥാവിധി നൽകി അപ്ഡേഷൻ പൂർത്തിയാക്കേണ്ടതുമാണ്.

23. അതോടൊപ്പം പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ അതത് സ്കൂളുകളിലെ റഗുലർ വിദ്യാർത്ഥികളാണെന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതും, അപേക്ഷകരുടെ ചുവടെ ചേർക്കുന്ന രേഖകൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

i ) വരുമാന സർട്ടിഫിക്കറ്റ്

ii ) കമ്മ്യൂണിറ്റി/ ജനന തീയതി / മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

iii ) മുൻ വർഷത്തെ വാർഷിക പരീക്ഷയുടെ മാർക്ക് ലിസ്റ്റ് .

24. പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ സേവനങ്ങൾ/

സൗകര്യങ്ങൾ നൽകുന്നതിന് സ്കൂളുകൾ യാതൊരു വിധത്തിലുള്ള ഫീസുകളോ/ സംഭാവനകളോ കുട്ടികളിൽ നിന്ന് ഈടാക്കുവാൻ പാടുള്ളതല്ല.

25. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പ് സംബന്ധിച്ച മേൽ വിവരങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരത്തക്കരീതിയിൽ അറിയിപ്പ് നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ /പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ **0471-3567564, 8330818477, 9496304015** എന്നീ ഫോൺ നമ്പറുകളിലേയ്ക്ക് വിളിക്കാവുന്നതും, വിവരങ്ങൾ തേടാവുന്നതുമാണ്.

വിശ്വസ്തതയോടെ,

Signature valid

Digitally signed by SHINEMON M K
Date: 2021.09.07 15:41:39 IST
Reason: Approved

ഷൈൻ മോൻ.എം.കെ
പെൻ നം. 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി


**പകർപ്പ് :-**

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE (സർക്കുലർ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വൈബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും


# *Instructions for Pre Matric scholarship for Minorities Fresh Applicants (CLASS 1 to10)*

**site address : www.scholarships.gov.in**

**STEP 1 : New Registration എന്ന ലിങ്ക് എടുക്കുക**




**STEP 2 : നിർദേശങ്ങൾ വായിച്ചുനോക്കിയതിനു ശേഷം continue button click ചെയ്യുക**



Guidelines for Registration on National Scholarship Portal
Welcome to National Scholarship Portal (NSP)

How to Apply?

Students applying for scholarship for the first time (Fresh Students) need to "Register" on the portal as fresh applicant by providing accurate and authenticated information as printed on their documents in the "Student Registration Form"


The registration form is required to be filled by parents / guardian of students who are below the age of 18 years on the date of registration

Before initiating registration process, students / Parents / guardian are advised to keep the following documents handy

1. Educational documents of student
2. Student's Bank account number and IFSC code of the bank branch
   Note: For pre matric scholarship scheme, where students do not have their own bank account, parents can provide their own account details. However, parents account number can only be used against scholarship applications for maximum two children
3. Aadhaar number of the Student
4. If Aadhaar is not available, then Bonafide student certificate from Institute / School and
5. Aadhaar Enrolment ID and Scanned copy of Bank passbook
6. If Institute/School is different from domicile state of the applicant, then Bonafide student certificate from Institute / School

Brief instructions for filling up the online Application Form are given below (Fields marked with * are Mandatory fields)

| | |
|---|---|
| 1. Date of Birth (DOB)* | Provide DOB as printed in educational certificates |
| 2. State of Domicile* | Domicile state means the state in which students have their permanent address. Students are required to provide their domicile state correctly as the "Application Id" allotted to them will be based on domicile state. This application Id will also be used as "Login Id" on the portal and for future references.Once allotted the student will not be allowed to change the domicile State under any circumstances. The student needs to provide a Bonafide Certificate in the prescribed proforma if the Students domicile state is different |



For all such cases, where student does not possess Aadhaar, he is required to provide a bonafide certificate issued by his Institute/School in the prescribed proforma along-with Aadhaar enrolment number or scanned copy of first page of his Bank passbook (containing the photograph of the applicant)

*To link your bank account with Aadhaar number for receiving scholarship in the same, please visit you bank branch and submit a "bank consent form for receiving DBT". You can check which bank is linked to your Aadhaar number on NPCI mapper here https://resident.uidai.gov.in/bank-mapper or through Aadhaar-enabled micro-ATM machine of any of these banks.

Important Note:

1. After submitting the application, the default login id and password to log into NSP portal will be sent to the provided mobile number. In case the password is not received, the option for forgot password at login page shall be used.


2. Students are advised to provide "Annual Family Income" as per the Income Certificate issued by competent authority in their scholarship application.

Undertaking By Applicant or Parents/Guardian(In Case of Minor)

I agree to the following: /मैं निम्नलिखित के लिए सहमत हूँ

- [x] I have read and understood the guidelines for registration.
मैंने पंजीकरण के लिए दिशानिर्देशों को पढ़ा और समझा है:
- [x] I am aware that if more than one application is found to be filled (fresh or renewal), all my/my child's/ward's applications are liable to be rejected.
मैं जागरूक हूं कि यदि एक से अधिक आवेदन भरे हुए (ताज़ा या नवीनीकरण) पाए जाते हैं, तो मेरे सभी आवेदन अस्वीकार कर दिए जाने योग्य हैं।
- [x] I am aware that my bank account details may be changed only once after due process in accordance with the provisions of the process.
मैं जागरूक हूं कि मेरे द्वारा प्रदान किए गए बैंक खाते के विवरण में किसी भी बदलाव प्रावधानों के अनुसार नियत प्रक्रिया के बाद केवल एक बार किया जा सकता है।


**STEP 3 : തുടർന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ ചോദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും കൃത്യതയോടെ നൽകുക .**



Fresh Registration For Academic Year 2021-22


| | |
|---|---|
| State of Domicile * | Scholarship Category * |
| KERALA | Pre Matric |
| Name of Student * | Scheme Type * |
| ANUSHKA M K | Scholarship Scheme |
| Date of Birth (DD/MM/YYYY) * | Gender * |
| 25/07/2015 | Female |

a. **Pre Matric scholarship (minority)** നു അപേക്ഷിക്കുന്ന കുട്ടികൾ ***Scholarship Category*** എന്ന കോളത്തിൽ ***Pre matric*** എന്നും ***Scheme Type*** എന്ന കോളത്തിൽ ***Scholarship Scheme*** എന്നും select ചെയ്യുക.




b. **Identification Details എന്നതിൽ Aadhaar number select ചെയ്യുക. Aadhaar number ഇല്ലാത്ത കുട്ടികൾ Bank A/C number എന്ന ഓപ്ഷൻ select ചെയ്ത്, ബാങ്ക് പാസ് ബുക്കിന്റെ first page സ്കാൻ ചെയ്ത് (file size-below 200kb file type -PDF/JPEG) UPLOAD ചെയ്യുക .**

c. നൽകിയ എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പു വരുത്തിയ ശേഷം **REGISTER** **button click** ചെയ്യുക.



I am aware that my child / ward's Aadhaar number will be used to establish his/her identity by matching his/her personal identification details available in Aadhaar records of UIDAI.
मैं जागरूक हूं कि मेरे बच्चे / वार्ड के आधार नंबर का उपयोग UIDAI के आधार रिकॉर्ड में उसका व्यक्तिगत पहचान विवरण मिलान करके उसकी पहचान स्थापित करने के लिए किया जाएगा। मैं जागरूक हूं कि वैकल्पिक रूप से, मेरे बच्चे / वार्ड का बैंक खाता खाते का विवरण भी प्रस्तुत किया जा सकता है।


I am aware that the Aadhaar Number of my child (if found correct) could also be used for making scholarship payments in the bank account linked* to the Aadhaar number of the child.
मैं जागरूक हूं कि मेरे बच्चे / वार्ड का आधार नंबर का उपयोग (यदि सही पाया गया), तो उसके आधार नंबर से जुड़े बैंक खाते में छात्रवृत्ति भुगतान करने के लिए भी किया जा सकता है।

*To link your bank account with Aadhaar number for receiving scholarship in the same, please visit you bank branch and submit a "bank consent form for receiving DBT". You can check which bank is linked to your Aadhaar number on NPCI mapper here https://resident.uidai.gov.in/bank-mapper or through Aadhaar-enabled micro-ATM machine of any of these banks.


***For first time login, OTP (One Time Password) sent by NSP on the above provided mobile number will be required. Please verify mobile number before registering.




**STEP 4 :** തുടർന്ന് MOBILE ൽ ലഭിക്കുന്ന MESSAGE ( APPLICTION ID and DOB ) ഉപയോഗിച്ച് CONTINUE/ LOGIN TO APPLY എന്ന LINK വഴി LOGIN ചെയ്യുക.



**STEP5 :** **ENTER APPLICATION ID AND PASSSWORD (DOB) HERE**




**STEP6 :** **MOBILE ൽ മെസ്സേജ് ആയി ലഭിക്കുന്ന OTP കൊടുക്കുക**





**NOTE:** **Change mobile number എന്ന option ഉപയോഗിച്ചു ആവശ്യമെങ്കിൽ മാത്രം മൊബൈൽ നമ്പർ change ചെയ്യാവുന്നതാണ്.**

**STEP7 :** **PASSWORD CHANGE ചെയ്യുക**





**Eg : Abcde123#**

**STEP 8 :** **password ശരിയായി reset ചെയ്യുമ്പോൾ കുട്ടിയുടെ പേരിലുള്ള Home പേജ് ലഭിയ്ക്കുന്നതാണ്. ഇതിൽ application form എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക**




Registration സമയത്ത് enter ചെയ്ത വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ (state,name,gender, scheme, dob, a/c number ,ifsc ...) “withdraw application” എന്ന ലിങ്ക് ഉപയോഗിച്ച് application withdraw ചെയ്തതിനു ശേഷം New Registration ലിങ്ക് ഉപയോഗിച്ച് പുതിയതായി രജിസ്റ്റർ ചെയ്യുക




## Application form ൽ മൂന്നു ഭാഗങ്ങൾ ഉണ്ട്

1. General information
2. Academic Details
3. Other Details



**General Information**

| State of Domicile * | Scholarship Category * | | |
|---|---|---|---|
| KERALA | Pre Matric | | |

| Name of Student * | Date of Birth * | Gender * | Religion * |
|---|---|---|---|
| ANUSHKA M K | 25/07/2015 | Female | Christian |

| Community/Category * | Father Name * | Mother Name * | Annual Family Income * |
|---|---|---|---|
| OBC | raju | manju | 100000 |

| Aadhar Number | Mobile Number * | Email Id | Day Scholar/Hosteler * |
|---|---|---|---|
| XXXXXXXX7813 | [redacted] | | Day Scholar |

**Academic Details**

GOVT. UPS KUNNATHUKAL (32140900507) GOVT.U.P.S KUNNATHUKAL, KARAKONAM, KARAKONAM P.OTHIRUV/ — Select your Institute

| Admission/Enrollment/Registration No | Admission Year | Roll No. | Section |
|---|---|---|---|
| 453589 | 2020 | 45 | c |

| Present Class/Course * | Present Class Start Date * |
|---|---|
| II | 26/08/2021 |


| Mode of Study * | Last Examination Passed * | Previous Passing Year * | Previous Class(%) * |
|---|---|---|---|
| Regular/Full Time | I | 2020 | 50 |

| Competitive Exam Qualified | Exam Conducted By | Competitive Exam Roll No | Competitive Exam Year |
|---|---|---|---|
| Choose your Option | Choose your option | | |

**Other Details**

Is Orphan * | Gaurdian Name * | Is Disabled * | Type of Disability * | % of Disability *

**STEP 10 :** എല്ലാ വിവരങ്ങളും കൃത്യമായി നൽകിയ ശേഷം save & continue Button click ചെയ്യുക



**Other Details**

| Is Orphan * | Gaurdian Name * | Is Disabled * | Type of Disability * | % of Disability * |
|---|---|---|---|---|
| No | | No | Choose your option | 0 |

| Marital Status * | Parents Profession * | IFSC Code * | Bank Account Number * |
|---|---|---|---|
| Un Married | Others | SBIN0070568 | [redacted] |


**From Academic Year 2020-21, Fees of the students will be entered directly by the Institute

Save & Continue


**STEP 11 :** തുടർന്ന് ലഭിക്കുന്ന പേജിൽ

a. CONTACT DEATAILS കൊടുക്കുക


b. SCHEME DETAILS ൽ PREMATRIC SCHOLARSHIP FOR MINORITY SELECT ചെയ്യുക




c. ആധാർ നമ്പറിനു പകരം A/C NUMBER ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കുട്ടികൾ UPLOAD DOCUMENTS ലെ Doc format download ചെയ്ത് പൂരിപ്പിച്ചു, പ്രധാനാധ്യാപകൻ സാക്ഷ്യപെടുത്തിയ ശേഷം അപ് ലോഡ് ചെയ്തു കൊടുക്കുക.




## d. എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം FINALSUBMIT button click ചെയ്യുക




**PREMATRIC SCHOLARSHIP FOR MOINORITY (RENEWAL ) APPLICATION FOR STUDENTS STUDYING IN CLASS 2 To 10)**

site address : **www.scholarships.gov.in**


**STEP1 : HOME PAGE ലെ Login ബട്ടൺ ക്ലിക്ക് ചെയ്യുക . അതിൽ നിന്നും RENEWAL 2021-22 SELECT ചെയ്യുക**





**STEP 2 : തുടർന്ന് ലഭിക്കുന്ന പേജിൽ കുട്ടിയുടെ APPLICATION ID യും PASSWORD ഉം കൊടുക്കുക. CAPTCHA ENTER ചെയ്ത് LOGIN ചെയ്യുക**



**NOTE :** **Application ID / Password/ mobile no** നഷ്ടപ്പെട്ടിട്ടുള്ളവർ ഇതേ പേജിലുള്ള **Forgot application Id, Recover Password , Update Mobile Number** എന്നീ ലിങ്കുകൾ ഉപയോഗിച്ച **recover/reset /update** ചെയ്യേണ്ടതാണ്





**STEP3 :** Login ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ **Apply for Renewal click** ചെയ്യുക




## STEP4 : തുടർന്ന് ലഭിക്കുന്ന പേജിൽ താഴെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.

**Enter the details of Aadhar number, Family income, mail id , Day scholar/hosteler ,Class start date ,Admission no/registration no, Admission year, Roll no, section .**




**Step5 : School change ഉള്ള കുട്ടികൾ withdraw application(For fresh registration) എന്ന link ഉപയോഗിച്ച് withdraw ചെയ്തതിനു ശേഷം New Registration ചെയ്ത് application submit ചെയ്യേണ്ടതാണ്**



**STEP6 : എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം FINAL SUBMIT button click ചെയ്യുക**

